# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 682

03/11/2016-ൽ മറുപടിയ്ക്ക്.

## സമഗ്ര ക്ഷീര വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ .പ്രദീപ്കുമാർ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ. സി.കെ.ശശീന്ദ്രൻ<br>ശ്രീ.എം.എം.മണി. | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര ക്ഷീര വികസന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതി വഴി ക്ഷീര കർഷകർക്ക് ഏതു തരത്തിലുള്ള പ്രോത്സാഹനവും ആനുകൂല്യങ്ങളുമാണ് നൽകുന്നതെന്ന് അറിയിക്കുമോ; | (എ) ഉണ്ട്. MSDP (മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം) പദ്ധതിയുടെ ഭാഗമായ സമഗ്ര ക്ഷീരവികസന പദ്ധതി പ്രകാരം ഡെയറി യൂണിറ്റുകൾ, കാലിത്തൊഴുത്ത് നിർമ്മാണം കറവയന്ത്രം, ആവശ്യാധിഷ്ഠിത സഹായം, തീറ്റപ്പുൽ കൃഷി എന്നിവയ്ക്ക് ധനസഹായം നൽകുന്നു. |
| (ബി) നിലവിലുള്ള ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആധുനികവൽരിക്കുന്നതിനും അതു വഴി ക്ഷീരകർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനം ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോ; | (ബി) ഉണ്ട്.<br><br>ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി 2016-17 സാമ്പത്തിക വർഷം 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വമുള്ള പാൽ സംഭരണമുറി/ഗോഡൗൺ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, എന്നിവയും പാൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള AMC (ആട്ടോമാറ്റിക്ക് മിൽക്ക് കളക്ഷൻ) യൂണിറ്റ് സ്ഥാപിക്കുന്നതിനും സഹായം നൽകുന്നു. ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത സഹായ പദ്ധതിയിലൂടെ കർഷകർക്ക് ധനസഹായം നൽകുന്നു. കൂടാതെ പുതുതായി രൂപീകരിക്കുന്ന സംഘത്തിനുള്ള |

ധനസഹായം, പ്രവർത്തന-രഹിതമായ സംഘം പുനരുദ്ധീകരിക്കുന്നതിനും ധനസഹായം നൽകുന്നു. ക്ഷീര-സംഘങ്ങളിൽ വിൽപന നടത്തുന്ന പാലിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് സംവിധാനമുണ്ട്. കൂടാതെ ഉപഭോക്താക്കളേയും ഉത്പാദകരേയും സാങ്കേതിക വിദഗ്ധരേയും പങ്കെടുപ്പിച്ചുകൊണ്ട് ഉപഭോക്തൃ മുഖാമുഖം പരിപാടികൾ വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന പാലിന്റെയും പാലുല്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(സി) സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.